-

**പ്രസിദ്ധീകരണത്തിന്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ Trade Instructor Gr.II (Textile) തസ്തിക (കാറ്റഗറി നമ്പർ - 103/2017) തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള അഭിമുഖം 11.11.2020, 12.11.2020 എന്നീ തീയ്യതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന ഓഫീസിൽ വെച്ച് നടത്തുന്നു. കോവിഡ് - 19 വ്യാപനസാഹചര്യം നിലനിൽക്കുന്നതിനാൽ നിർദ്ദിഷ്ട സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ ആഫീസ് പരിസരത്ത് പ്രവേശിക്കാൻ പാടുള്ളൂ. ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ മുഖാവരണം, കൈയ്യുറ എന്നിവ ധരിച്ചിരിക്കേണ്ടതും വ്യക്തിഗത ഉപയോഗത്തിനായി Hand Sanitizer കരുതേണ്ടതുമാണ്. ഉദ്യോഗാർത്ഥികൾ പി.എസ്.സി.യുടെ വെബ്ബ്സൈറ്റിൽ നിന്നും കോവിഡ്-19 ചോദ്യാവലി download ചെയ്ത് പൂരിപ്പിച്ച് അവരവരുടെ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. കോവിഡ് രോഗബാധിതർ, ക്വാറന്റൈനിൽ കഴിയുന്നവർ എന്നിവർ ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന പക്ഷം ഇന്റർവ്യൂ തീയതി മാറ്റി നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾക്കുള്ള Profile Message, Mobile SMS എന്നിവ അയച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ മെമ്മോ, വ്യക്തി വിവര കുറിപ്പ് എന്നിവ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. വ്യക്തി വിവര കുറിപ്പ് പൂരിപ്പിച്ച് ആയതും OTV സർട്ടിഫിക്കറ്റും സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. അഭിമുഖത്തിന് മൂന്ന് ദിവസം മുൻപ് വരെ അറിയിപ്പ് ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഗവൺമെന്റ് റിക്രൂട്ട്മെന്റ് (GR IX) വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ് (0471-2546446). പി.എസ്.സി വെബ്ബ്സൈറ്റിലെ Interview Schedule, Announcement ലിങ്കുകൾ എന്നിവ പരിശോധിക്കുക.

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**സെക്രട്ടറിക്കുവേണ്ടി**